നഗര തൊഴിലുറപ്പ് പദ്ധതി

144 (1902) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ച നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏത്ര നഗരസഭകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ :

(സി) മറ്റ് നഗരസഭകളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 2010-11 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 3-11-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 252/2010/തസ്വഭവ പ്രകാരം ഇറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) നഗരസഭകളോട് കൂട്ടിച്ചേർക്കപ്പെട്ടതും നഗരസഭകളായി മാറ്റപ്പെട്ടതും ആയ ഗ്രാമപ്രഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുള്ള ഷെൽഫ് ഓഫ് പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് നഗരസഭകളിൽ പദ്ധതി നടത്തിപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളായ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, വാർഷിക കർമ്മപദ്ധതി രൂപീകരിക്കൽ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്.

നഗരസഭാ ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ്

145 (1903) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാരുടെ പിഎഫ് ക്രെഡിറ്റ് കാർഡ് കൊടുത്തുതീർത്താ : ഇല്ലെങ്കിൽ എത്ര പേർക്ക് ഇനി കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി.എഫ്. തുക അതാതു ജീവനക്കാരുടെ അക്കൗണ്ടിൽ കൃത്യമായി വരുന്നതിന് നടപടി സ്വീകരിക്കുമോ :

(സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സിവിൽ സർവ്വീസ് രൂപീകരിക്കുകയാണെങ്കിൽ ജീവനക്കാർക്ക് ഓപ്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരസഭാ ജീവനക്കാരുടെ ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പി.എഫ്. ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളവ അംഗീകരിച്ചുവരികയാണ്. അംഗീകരിച്ചിട്ടുള്ള പി.എഫ്. ക്രെഡിറ്റ് കാർഡുകൾ പ്രൊവിഷണലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് പരിഹരിച്ച് പി.എഫ്. ക്രെഡിറ്റ് കാർഡ് ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ജീവനക്കാരിൽ നിന്ന് പിടിക്കുന്ന പി.എഫ്. തുകകൾ ബന്ധപ്പെട്ട നഗരസഭയിൽ നിന്ന് ഡിഡി മുഖേന ഒടുക്കുന്ന മുറയ്ക്ക് അതാത് ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് രൂപീകരിക്കുന്ന ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

പാലക്കാട് നഗരത്തിലെ മാലിന്യ ശേഖരണം

146 (1904) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാലക്കാട് നഗരത്തിൽ മാലിന്യ ശേഖരണം സംബന്ധിച്ച് നിരവധി പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാലിന്യശേഖരണം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ :

(സി) നിരത്തിൽ മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) നിരത്തിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ കഴിഞ്ഞ ഒരു വർഷം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) മാലിന്യ സംസ്കരണം സംബന്ധിച്ച് പാലക്കാട് നഗരത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ട്.

(ബി) ഖരമാലിന്യ പരിപാലനത്തിനായി നിലവിലുള്ള 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം നഗരസഭയിൽ കേന്ദ്രീകൃതരീതിയിലുള്ള സംസ്കരണത്തിനാണ് പ്രാധാന്യം നൽകുന്നത്. ഇതിനായി നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള 8.4 ഏക്കർ സ്ഥലത്ത് ഒരു കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുകയും അവിടെ പാലക്കാട്ടെ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ സംസ്കരണശാല സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. അതോടൊപ്പം തന്നെ പ്രസ്തുത സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly